# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ:04872371931)

## എറണാകുളം

**E mail: kauagmet@yahoo.co.in, cohagmet@kau.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 31/15, ചൊവ്വാഴ്ച** **തീയ്യതി 28.07.2015**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 29.07.15 | 30.08.15 | 31.07.15 | 01.08.15 | 02.08.15 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 010 | 010 | 008 | 008 | 008 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 290 | 290 | 290 | 270 | 270 |

## കാർഷിക നിർദ്ദേശങ്ങൾ:

| വളർച്ച-പരിപാലന ഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ചിനപ്പുപൊട്ടുന്ന ഘട്ടം) | പോളരോഗം, പോളഅഴുകൽ, ബാക്ടീരിയ മൂലമുള്ള കരിച്ചിൽ | അന്തരീക്ഷ ആർദ്രത കൂടിയതിനാൽ നെല്ലിൽ പോളരോഗം, പോളഅഴുകൽ, ബാക്ടീരിയ മൂലമുള്ള കരിച്ചിൽ എന്നിവക്കു സാധ്യതയുണ്ട്. സ്യൂഡോമോണാസ് ഫ്ളൂറസൻസ് (2.5 കിലോ ഒരു ഹെക്ടർ) എന്ന ബാക്ടീരിയ നെല്ലിന്റെ കുമിൾ, ബാക്ടീരിയ രോഗങ്ങക്കുമെതിരെ ഫലപ്രദമാണ്. |
| തെങ്ങ് (തടം തുറക്കൽ) | **ചെന്നീരൊലിപ്പ്** | **ചെന്നീ**രൊലിപ്പ് നിയന്ത്രിക്കുവാൻ, രോഗം ബാധിച്ച ഭാഗം മുഴുവൻ ചുരണ്ടി കളഞ്ഞ് മുറിവിൽ 5% വീര്യമുള്ള ട്രൈഡെമോർഫ് പുരട്ടുക. 2 ദിവസത്തിനു ശേഷം കോൾടാർ പൂശണം. ചുരണ്ടി എടുത്ത ഭാഗം തീയിട്ടു നശിപ്പിക്കുക. |
| | കൊമ്പൻചെല്ലി | 250 ഗ്രാം വേപ്പിൻപിണ്ണാക്ക് പൊടിച്ചത് തുല്യ അളവ് മണലുമായി ചേർത്ത് നാമ്പോലയ്ക്കു ചുററുമുള്ള മൂന്നോ നാലോ ഓലപ്പട്ടയ്ക്കുള്ളിൽ നിറയ്ക്കുക. |
| വാഴ | സിഗാടോക്ക രോഗം | ആരംഭഘട്ടത്തിൽ തന്നെ സാഫ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| | പിണ്ടിപ്പുഴു | ആരംഭഘട്ടത്തിൽ 2% വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിക്കുക. അധികമായാൽ 3 മി.ല്ലി ക്ലോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഏതെങ്കിലും പശ ചേർത്തു വാഴത്തടയിൽ തേച്ചു പിടിപ്പിക്കുക. |
| ജാതി | വേരുചീയൽ മൂലമുള്ള കായ്പൊഴിച്ചിൽ | കാർബൻഡാസിം 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലയിപ്പിച്ച് മരമൊന്നിന് പ്രായമനുസരിച്ച് 10 മുതൽ 15 ലിറ്റർ വരെ തടത്തിൽ ഒഴിച്ചുകൊടുക്കുക. |
| | ഇല കൊഴിച്ചിൽ | മഴക്കാലത്ത് ഇല കൊഴിച്ചിൽ വരാൻ സാധ്യതയുണ്ട്. 1% ബോർഡോ മിശ്രിതം തളിക്കുക. |
| പച്ചക്കറികൾ വിവിധ ഘട്ടങ്ങൾ മുളക് | വെള്ളീച്ച | വെള്ളീച്ചയെ നിയന്ത്രിക്കുന്നതിനായി മഞ്ഞ ബോർഡിൽ ആവണക്കെണ്ണ തേച്ച് പലയിടത്തായി തൂക്കിയിടുക. |